പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1522 22/03/2013-ൽ മറുപടിയ്ക്ക്

## ചേലക്കര നിയോജകമണ്ഡലത്തിൽ പഴം-പച്ചക്കറി ഉൽപാദന-സംഭരണ വിപണന പദ്ധതി

ചോദ്യം

ശ്രീ.കെ.രാധാകൃഷ്ണൻ

മറുപടി

**കെ.പി.മോഹനൻ**
(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| എ) ചേലക്കര നിയോജക മണ്ഡലത്തിൽ സംസ്ഥാന ഹോർട്ടി-കൾച്ചർ മിഷന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുവാൻ തീരുമാനിച്ചിരുന്ന പഴം-പച്ചക്കറി ഉൽപ്പാദന-സംഭരണ വിപണന പദ്ധതി നടപ്പിലാക്കുന്നതിനുള്ള കാലതാമസം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;<br><br>ബി) എങ്കിൽ പദ്ധതി നടത്തിപ്പിനുള്ള കാലതാമസത്തിനുള്ള കാരണങ്ങൾ വിശദമാക്കുമോ;<br><br>സി) കേന്ദ്ര സർക്കാരിനു കീഴിലുള്ള ദേശീയ ഹോർട്ടികൾച്ചർ മിഷൻ 2010-ൽ അംഗീകരിക്കുകയും കേന്ദ്രവിഹിതം അനുവദിക്കാൻ തീരുമാനിക്കുകയും ചെയ്ത ഈ പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ? | എ) ബി) & സി) ചേലക്കര മണ്ഡലത്തിൽ പഴം പച്ചക്കറി ഉത്പാദന-സംഭരണ-വിപണന കേന്ദ്രം നടപ്പിലാക്കുന്നതിനായി സമർപ്പിച്ച പദ്ധതിയ്ക്ക് ദേശീയ ഹോർട്ടിക്കൾച്ചർ മിഷനിൽ നിന്നും തത്വത്തിൽ അംഗീകാരം ലഭിച്ചിട്ടുണ്ട്. പ്രോജക്ടിന്റെ അടങ്കൽതുക 1176.95 ലക്ഷം രൂപയാണ്.<br><br>ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ മുന്നോട്ട് വയ്ക്കുകയും അതിൻ പ്രകാരം പ്രോജക്ടിൽ വേണ്ട മാറ്റങ്ങൾ വരുത്തി സമർപ്പിക്കുവാനും ആവശ്യപ്പെട്ടിട്ടുണ്ട്.<br><br>1. പദ്ധതിയുടെ മൊത്തം അടങ്കൽ തുക സർക്കാരിൽ നിന്നും ലഭ്യമാകുന്നത് ഒഴിവാക്കിക്കൊണ്ട്, സംസ്ഥാന സർക്കാർ സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്നും സർക്കാർ ഗ്യാരണ്ടി വഴി വായ്പയെടുത്ത് മൂലധനം സ്വരൂപിക്കേണ്ടതാണ്.<br>2. സർക്കാർ തലത്തിൽ ഒരു സൊസൈറ്റിയോ, സ്പെഷ്യൽ പർപ്പസ് വെഹിക്കിളോ ഈ പദ്ധതി നടപ്പിലാക്കുവാനായി സ്ഥാപിക്കേണ്ടതാണ്. |

ദേശീയ ഹോർട്ടികൾച്ചർ മിഷന്റെ നിർദ്ദേശങ്ങൾക്കനുസൃതമായി ഡി.പി.ആർ തയ്യാറാക്കി നൽകുന്ന കാര്യം വ്യവസായ വകുപ്പിന്റെ പരിഗണനയിലാണ്. കേരള ഇൻഡസ്ട്രിയൽ പ്രൊമോഷൻ ബ്യൂറോയെ ഇതിനായി ചുമതല പ്പെടുത്തിയിട്ടുണ്ടെന്ന് വ്യവസായ വകുപ്പ് അറിയിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**